(ഡി) ടൂറിസം വകപ്പിന്റെ കയ്യിലുള്ള ഭൂമി പ്രസ്തുത സൊസൈറ്റിക്കു കൈമാറാത്തത് കേന്ദ്ര ഗവൺമെന്റ് പണം അനുവദിക്കാതിരിക്കുന്നതിന് കാരണമായിട്ടുണ്ടോ ; ഇക്കാര്യത്തിൽ എവിടെയാണ് വീഴ്ച സംഭവിച്ചത് ;

(ഇ) ഭൂമി എത്രയും പെട്ടെന്ന് കൈമാറി, കേന്ദ്ര ഫണ്ട് വിനിയോഗിച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ കെട്ടിട നിർമ്മാണം പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) ഇല്ല. 17-5-2013-ലെ സർക്കാർ ഉത്തരവ് (എം.എസ്.) നമ്പർ 134/13/ടൂറിസം പ്രകാരം വ്യവസായ വകപ്പിൽ നിന്നും കോഴിക്കോട് സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് സ്ഥാപിക്കുന്നതിന് ടൂറിസം വകപ്പിന് കൈമാറിയ ഭൂമി വിൽക്കുന്നതിനോ, കൈമാറ്റം ചെയ്യുന്നതിനോ, പാട്ടത്തിന് കൊടുക്കുന്നതിനോ, പണയപ്പെടുത്തുന്നതിനോ കഴിയുന്നതല്ല. ആയതിനാൽ പ്രസ്തുത ഭൂമി സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് സൊസൈറ്റിക്ക് കൈമാറിയിട്ടില്ല.

(സി) പ്രസ്തുത ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിന് കേന്ദ്ര സർക്കാരിൽ നിന്നും അനുമതി ലഭിച്ചത് 2007- ലാണ്. 15.65 കോടി രൂപയുടെ പദ്ധതിയാണ്. കേന്ദ്ര വിഹിതമായ 10 കോടിയിൽ ഇനിയും 6 കോടി രൂപ കേന്ദ്ര സർക്കാരിൽ നിന്നും ലഭിക്കാനുണ്ട്.

(ഡി) ടൂറിസം വകപ്പിന്റെ കയ്യിലുള്ള ഭൂമി പ്രസ്തുത സൊസൈറ്റിക്ക് നിലവിലുള്ള വ്യവസ്ഥകൾ അനുസരിച്ച് കൈമാറാൻ കഴിയാത്തതിനാൽ കേന്ദ്ര വിഹിതത്തിന്റെ രണ്ടാമത്തെ ഗഡുവായ 6 കോടി രൂപ ലഭിച്ചിട്ടില്ല. മറ്റ് വീഴ്ചകൾ ഒന്നും സംഭവിച്ചിട്ടില്ല.

(ഇ) നടപടി സ്വീകരിച്ചുവരുന്നു.

ശ്രീകൃഷ്ണപുരം ബാപ്പുജി ചിൽഡ്രൻസ് പാർക്ക്

346 (1012) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശ്രീകൃഷ്ണപുരം ബാപ്പുജി ചിൽഡ്രൻസ് പാർക്കിന് എത്ര കോടി രൂപയുടെ പ്രവൃത്തികൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളത് ; പ്രസ്തുത ചിൽഡ്രൻസ് പാർക്കിന്റെ പ്രത്യേകതകൾ വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) നിർമ്മാണ പ്രവർത്തനങ്ങൾ ആരാണ് നടത്തുന്നത് എന്നത്തേക്ക് പൂർത്തിയാക്കുവാൻ കഴിയും എന്നാണ് പ്രതീക്ഷിക്കുന്നത് ;

(സി) ടൂറിസം വകുപ്പ് മന്ത്രിയുടെ നേതൃത്വത്തിൽ എത്ര അവലോകന യോഗങ്ങൾ ഇതിനായി ചേർന്നുവെന്നും ആയത് എന്നെല്ലാമായിരുന്നുവെന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ) 5 കോടി രൂപയുടെ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയതിൽ 3 കോടി രൂപ ടൂറിസം വകുപ്പും രണ്ടുകോടി രൂപ എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടിൽ നിന്നുമാണ് വകയിരുത്തിയിട്ടുള്ളത്. ഗാന്ധിപ്രതിമ, ആംഫിതീയേറ്റർ, നടപ്പാത, ലാന്റ് സ്കേപ്പിംഗ്, ഇരിപ്പിടത്തോടുകൂടിയ കളിസ്ഥലം, റെയിൻ പവലിയൻ, ഷോപ്പുകൾ, വ്യൂ ടവർ, മൾട്ടി പർപ്പസ് ഹാൾ, മ്യൂറൽ ഹാൾ, കളി ഉപകരണങ്ങൾ, ഹോം തീയേറ്റർ, 16 ഡി തീയേറ്റർ, ടോയ്ലെറ്റ് ബ്ലോക്ക്, ടിക്കറ്റ് കൗണ്ടർ, ഇലക്ട്രിഫിക്കേഷൻ, പ്ലംബിംഗ് & സാനിട്ടറി ഫിറ്റിംഗ്സ്, ഫൗണ്ടൻ & വാട്ടർ ടാങ്ക് മുതലായവയാണ് ഈ പാർക്കിന്റെ പ്രത്യേകതകൾ.

(ബി) നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നത് കിറ്റ്കോയാണ്. 12 മാസത്തിനകം പദ്ധതി പൂർത്തിയാക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) 7-5-2014, 14-10-2014, 11-2-2015, 13-5-2015 എന്നീ തീയതികളിൽ 4 അവലോകന യോഗങ്ങൾ ചേരുകയുണ്ടായി.

ബിയ്യം ബ്രിഡ്ജ് ടൂറിസം പദ്ധതി

347 (1013) ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊന്നാനി മണ്ഡലത്തിലെ ബിയ്യംബ്രിഡ്ജ് ടൂറിസം പദ്ധതിയുടെ നിർമ്മാണ പ്രവൃത്തികൾ ഏതുവരെയായെന്ന് വിശദമാക്കാമോ ;

(ബി) പ്രസ്തുത പദ്ധതി എന്നേക്ക് പൂർത്തിയാകുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ& ബി) പ്രസ്തുത പദ്ധതിയുടെ പ്രവൃത്തികളുടെ 50 ശതമാനം പൂർത്തീകരിച്ചിട്ടുണ്ട്. 2015 ഡിസംബർ 31 -നകം പൂർത്തീകരിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly